പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1579 — 02.07.2015 ലെ മറുപടിയ്ക്ക്

## മിഷൻ 676 മുഖേനയുള്ള കൃഷി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ.അച്ചുതൻ<br>ശ്രീ. ആർ . സെൽവരാജ്<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മിഷൻ 676 മുഖേന എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) മിഷൻ 676 മുഖേന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ താഴെ പറയുന്നവയാണ്. |

**പതാകനൗക പദ്ധതികൾ**

1. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത
2. കേരസമൃദ്ധി

**മറ്റ് പ്രധാന പദ്ധതികൾ**

1. നീര ഉല്പാദനം
2. മേഖല കൃഷി ഡയറക്ടറേറ്റ്
3. വിള ആരോഗ്യ പരിപാലനം
4. കീടരോഗ നിരീക്ഷണം
5. എല്ലാ കർഷക ഭവനങ്ങളിലും പോഷകത്തോട്ടങ്ങൾ
6. കർഷക ഉല്പാദന സംഘങ്ങളും കാർഷിക മാളും
7. നിറവ് പദ്ധതി
8. ലീഡ്സ് പദ്ധതി
9. കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം
10. ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി
11. വിദ്യാലയങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ്
12. അഗ്രോ സർവ്വീസ് സെന്ററുകൾ
13. ജൈവകൃഷി പ്രോത്സാഹനം
14. ഓർഗാനിക് സർട്ടിഫിക്കേഷൻ
15. ഗുണമേന്മാ പരിശോധന സംവിധാനം
16. തൃശ്ശൂരിൽ അഗ്രി കോംപ്ലക്സ് നിർമ്മാണം
17. പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | തുടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നല്കി കഴിഞ്ഞു. പദ്ധതി നിർവ്വഹണം നടന്നു വരുന്നു. പുതിയ പദ്ധതികൾക്കുള്ള ഭരണാനുമതിയും നല്കിയിട്ടുണ്ട്. പച്ചക്കറി-പുഷ്പ കൃഷിയ്ക്കായി മികവിന്റെ കേന്ദ്രം എന്ന കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച പദ്ധതി പരിഗണനയിലാണ്. കണ്ണൂർ ആസ്ഥാനമാക്കി ഉത്തര മേഖലാ കൃഷി ഡയറക്ടറേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലാണ്. കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണം പുരോഗമിച്ച് വരുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും പരിശീലനം നൽകി കഴിഞ്ഞു. |
| (സി) | മിഷൻ 676 -ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിനും കർഷകക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സമഗ്ര പദ്ധതി 2013-14 മുതൽ നടപ്പിലാക്കിവരുന്നു. അത് ഈ വർഷവും തുടരുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു. വയനാട് ജില്ലയിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന് 3.35 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി വരുന്നു. മറ്റു ജില്ലകളിൽ കൂടി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി രൂപരേഖ പരിഗണനയിലാണ്. കൂടാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവത്കരണ ക്യാമ്പയിനുകൾ നടന്നു വരുന്നു. മിഷൻ 676 -ൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന തുടർ പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകി കഴിഞ്ഞു. ദീർഘകാല പദ്ധതികളായ കേര സമൃദ്ധി, നീര ഉല്പാദനം, തൃശ്ശൂരിലെ അഗ്രികോംപ്ലക്സ് എന്നിവ 2015-2016 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

'മിഷൻ 676' - ൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പാക്കുന്ന പതാകനൗക (Flagship) പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

കേരളത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2015-2016 സാമ്പത്തിക വർഷത്തിൽ 64 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പരമ്പരാഗത പച്ചക്കറി കൃഷിക്കാർക്കു പുറമേ വീട്ടമ്മമാർ, വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, ഗവൺമെന്റിതര സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മാധ്യമങ്ങൾ തുടങ്ങി സമൂഹത്തിലെ വിവിധ ശ്രേണിയിലുള്ള ആൾക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജനകീയ പദ്ധതിയാണ് ഈ തുക ഉപയോഗിച്ച് നടപ്പിലാക്കി വരുന്നത്. 2015-2016 ൽ 8.69 ലക്ഷം ടൺ അധിക ഉല്പാദനം കൈവരിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

### 2. കേര സമൃദ്ധി

തെങ്ങ് കൃഷി മേഖലയിൽ പ്രത്യേകിച്ച് വിളവെടുപ്പ് കാലത്ത് നേരിടുന്ന രൂക്ഷമായ തൊഴിലാളി ക്ഷാമമാണ് കേര കർഷകർ ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി. സസ്യസംരക്ഷണ പ്രവർത്തനങ്ങളെയും വിളവെടുപ്പിനേയും ഇത് സാരമായി ബാധിച്ചിട്ടുണ്ട്. കുറിയ ഇനം തെങ്ങുകളും സങ്കര ഇനം തെങ്ങുകളും സംസ്ഥാനത്ത് പ്രചരിപ്പിക്കുക വഴി ഈ പ്രശ്നത്തിന് നല്ലൊരു പരിധി വരെ പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരം തെങ്ങിൻതൈകൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്യുന്ന പദ്ധതിയ്ക്ക് 2013 നവംബർ മാസം 1-ാം തീയതി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തുടക്കം കുറിച്ചു. പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കുറിയ ഇനം തെങ്ങുകളിൽ നിന്നും വിത്തു തേങ്ങ സംഭരിക്കൽ, സങ്കരണം എന്നിവ നടന്നു വരുന്നു. 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് അധികമായി 10 ലക്ഷം കുറിയ സങ്കരയിനം തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടന്നു വരുന്നു.

മറ്റ് പദ്ധതികളെല്ലാം തന്നെ കേരളത്തിലെ പ്രധാന വിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, ഉൽപന്ന വൈവിദ്ധ്യത്തിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. വിവിധ തുടർ പദ്ധതികൾ കൂടാതെ മേഖലാ കൃഷി ഡയറക്ടറേറ്റുകൾ സ്ഥാപിക്കുക വഴിയും ലീഡ്സ് പദ്ധതി നടപ്പിലാക്കുക വഴിയും കാർഷിക വിജ്ഞാന വ്യാപനവും പദ്ധതി നിർവ്വഹണവും ഏകോപനവും ഊർജ്ജിതവും കൂടുതൽ ഫലപ്രദവുമാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**